LIBRARY ARCHIVES Kerala Legislative Assembly

തൃക്കരിപ്പൂരിൽ അനുവദിച്ച സബ് ട്രഷറി

233 (581) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂരിൽ അനുവദിച്ച സബ് ട്രഷറി പ്രവർത്തനം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഇതിനാവശ്യമായ സ്ഥലവും കെട്ടിടവും സൗജന്യമായി നൽകാൻ തയ്യാറായിട്ടും പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ലന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സബ് ട്രഷറി പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും, ട്രഷറി ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട പല പദ്ധതികളും പുരോഗമിച്ച് വരുന്നതിനാലും തൃക്കരിപ്പൂരിൽ ആരംഭിക്കുമെന്ന് പ്രഖ്യപിച്ച സബ് ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരിശോധിച്ചു വരികയാണ്.

കേരള സംസ്ഥാന ലോട്ടറി സമ്മാനത്തുക

234 (582) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ലോട്ടറി വകുപ്പ് ഏതൊക്കെ പേരുകളിലായി എത്ര വിഭാഗം ലോട്ടറി ടിക്കറ്റുകളാണ് സംസ്ഥാനത്ത് വിറ്റഴിക്കുന്നത് ; ഓരോ ലോട്ടറിയുടെയും പേരും ടിക്കറ്റ് വിലയും സമ്മാനത്തുകയും എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(ബി) സമ്മാനാർഹമായ ടിക്കറ്റ് ഹാജരാക്കാത്തതിനാൽ സമ്മാനത്തുക നൽകാതിരുന്ന വകയിൽ കഴിഞ്ഞ 3 വർഷമായി സർക്കാരിന് എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സമ്മാനാർഹമായ ടിക്കറ്റ് ഹാജരാക്കിയാൽ എത്ര നാളുകൾക്കുള്ളിൽ ജേതാവിന് തുക ലഭിക്കാറുണ്ട് ; ക്ലെയിം ചെയ്തിട്ടും ഇതുവരെ പണം വിതരണം ചെയ്യാത്ത എത്ര കേസ്സുകൾ ഇപ്പോൾ പെൻഡിംഗിലുണ്ട് ; എത്ര തുകയാണ് ഇങ്ങനെ വിതരണം ചെയ്യാതിരിക്കുന്നത് ; ഇത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സമയബന്ധിതമായി സമ്മാന തുക വിതരണം ചെയ്യുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൗർണ്ണമി, വിൻ വിൻ, അക്ഷയ, ഭാഗ്യനിധി, ധനശ്രീ, കാരുണ്യ, കാരുണ്യ പ്ലസ് എന്നീ പ്രതിവാര ഭാഗ്യക്കുറികളും സമ്മർ ബമ്പർ, വിഷു ബമ്പർ, മൺസൂൺ ബമ്പർ, തിരുവേണം ബമ്പർ, പൂജാ ബമ്പർ, ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ എന്നീ ബമ്പർ ഭാഗ്യക്കുറികളുമാണ് സംസ്ഥാനത്ത് വിറ്റഴിക്കുന്നത്. മറ്റ് വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

ലോട്ടറിയുടെ പേര്	ടിക്കറ്റ് വില	ആകെ സമ്മാനത്തുക
പൗർണ്ണമി	30	7,34,80,000
വിൻ വിൻ	30	7,44,00,000
ധനശ്രീ	40	5,10,40,000
അക്ഷയ	30	7,48,80,000
കാരുണ്യ പ്ലസ്	50	5,86,40,000
ഭാഗ്യനിധി	30	7,50,20,000
കാരുണ്യ	50	5,71,40,000
വിഷു ബമ്പർ	100	11,65,00,000
മൺസൂൺ ബമ്പർ	100	8,41,50,000
തിരുവോണം ബമ്പർ	200	28,12,60,000
പൂജാ ബമ്പർ	100	8,94,50,000
ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ	100	10,60,00,000
സമ്മർ ബമ്പർ	100	9,32,00,000

(ബി) 2011-12 സാമ്പത്തികവർഷത്തിൽ 29,65,81,150 രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 55,16,72,650 രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 73,45,60,600 രൂപയുമാണ് ലഭിച്ചത്.

(സി) സമ്മാനാർഹർ നിയമാനുസൃതമായ എല്ലാ രേഖകളും സഹിതം ടിക്കറ്റ് ഹാജരാക്കിയാൽ ഒരു മാസത്തിനുള്ളിൽ തന്നെ സമ്മാനത്തുക നൽകിവരുന്നു. അന്യ സംസ്ഥാനത്തുനിന്നും ഹാജരാക്കിയ 31 കേസുകൾ ക്രൈം ബ്രാഞ്ച് അന്വേഷണത്തിലാണ്. അന്തിമ റിപ്പോർട്ട് ലഭിക്കാത്തതിനാൽ ഇവയുടെ സമ്മാനത്തുക വിതരണം ചെയ്തിട്ടില്ല. 6,14,70,000 രൂപയും 200 പവൻ തങ്കവുമാണ് വിതരണം ചെയ്യാതിരിക്കുന്നത്.

(ഡി) വകുപ്പ് സമയബന്ധിതമായി സമ്മാനത്തുകകൾ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ആവശ്യമായ രേഖകളുടെ അഭാവത്തിൽ, ആയത് ലഭിക്കുന്നതിനായി കത്തുകൾ അയക്കുകയും ഫോൺ മുഖാന്തരം ആവശ്യപ്പെടുകയും ചെയ്യുവരുന്നു.

കാരുണ്യ പദ്ധതി പ്രകാരമുള്ള ചികിത്സാ ചെലവ് കുടിശ്ശിക

235 (583) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ പദ്ധതി പ്രകാരം രോഗികൾക്ക് ചികിത്സ ലഭ്യമാക്കിയ ആശുപത്രികൾക്ക് ചികിത്സാ ചെലവ് കുടിശ്ശിക നൽകാനുണ്ടോ ; എങ്കിൽ എന്നു മുതൽക്കാണ് തുക കുടിശ്ശികയായത് ;

(ബി) ഏതെല്ലാം ആശുപത്രികൾക്ക് എന്ത് തുക വീതം നൽകാനുണ്ടെന്ന് അറിയിക്കാമോ ;

(സി) ലോട്ടറി ടിക്കറ്റ് വിൽപ്പന വഴി സർക്കാരിന് ലഭിച്ച പണം ചികിത്സ നൽകിയ ആശുപത്രികൾക്ക് യഥാസമയം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ ?

(ഡി) കാരുണ്യാ ലോട്ടറിയിൽ നിന്നുള്ള വരുമാനം പൂർണ്ണമായും ഇതിന്റെ ചെലവിലേക്കായി വിനിയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2014 ഡിസംബർ മാസം മുതലുള്ള തുകകളാണ് ആശുപത്രികൾക്ക് നൽകുനുള്ളത്.

(ബി) പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള 72 സ്വകാര്യ ആശുപത്രികൾക്ക് 2737 ക്ലെയിമുകൾക്കായി 8.58 കോടി രൂപയും സർക്കാർ ആശുപത്രികളിൽ 9156 അപേക്ഷകർക്കായി 120.11 കോടി രൂപയും കുടിശ്ശികയായി നൽകാനുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly